ഉത്തരം

(എ) ഉണ്ട്.

(ബി) 22-4-1986-ൽ എം 2/360/86-ാം നമ്പരായി എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ആവശ്യപ്പെടുകയും അതിൻപ്രകാരം ഓർഡർ നമ്പർ പി. റി. 36/86-ാം നമ്പരായി 2-7-1986-ൽ അഞ്ചുപേരുടെ ലിസ്റ്റ് അയച്ചുതരുകയും ചെയ്തു. 24-7-1986-ൽ പ്രസ്തുത ലിസ്റ്റിലുള്ളവർ ഇൻറർവ്യൂവിന് ഹാജരാകാൻ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത ദിവസം ശ്രീ. കെ. മോഹനൻ എന്ന ഉദ്യോഗാർത്ഥി മാത്രമാണ് ഹാജരായിട്ടുള്ളത്. അദ്ദേഹം നിയമനാർഹൻ എന്നു കണ്ട് നിയമിക്കുകയും ചെയ്തു.

(സി) ആവശ്യപ്പെട്ടിരുന്നു.

(ഡി) അഞ്ചുപേരുടെ.

(ഇ) ഉണ്ട്.

(എഫ്) 24-7-1986 വ്യാഴാഴ്ച രാവിലെ 11 മണിക്ക്.

(ജി) ഇല്ല.

(എച്ച്) ഉദിക്കുന്നില്ല.

ആദംപാറ ഭാഗത്തെ മണ്ണു സംരക്ഷണ പദ്ധതി

1969 [3041] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട വികസന പദ്ധതിയിൽ കണ്ണൂർ ജില്ലയിലെ പയ്യാവൂർ പഞ്ചായത്തിലെ ആദംപാറ ഭാഗത്തെ മണ്ണു സംരക്ഷണ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ, ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) 1986-87-ലെ പശ്ചിമഘട്ട വികസന പദ്ധതിയിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ല. 1987-88-ൽ നടപ്പാക്കേണ്ട പദ്ധതികൾ ഏതെല്ലാമാണെന്നു തീരുമാനമായിട്ടില്ല.

കന്നുകാലി വർഗ്ഗോദ്ധാരണ പരിപാടി

1970 [3042] ശ്രീ. ടി. കെ. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലി വർഗ്ഗോദ്ധാരണ പരിപാടിയനുസരിച്ച് കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ എത്ര - ബീജാധാനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) ഇതനുസരിച്ച് എത്ര സങ്കരവർഗ്ഗ കന്നുകുട്ടികൾ ജനിച്ചിട്ടുണ്ട് എന്നു വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 49,85,747 ബീജാധാനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) 9,28,212 കന്നുകുട്ടികൾ ജനിച്ചിട്ടുണ്ട്.

പുളിമാത്ത് പഞ്ചായത്തിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ

1971 [3043] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽപ്പെട്ട പുളിമാത്ത് പഞ്ചായത്തിൽ എത്ര ഹെക്ടർ സ്ഥലം മണ്ണൊലിപ്പിന്റെ കെടുതിയിൽപ്പെട്ടിട്ടുണ്ട്;

(ബി) 1982-നു ശേഷം അവിടെ മണ്ണൊലിപ്പ് തടയുന്നതിനും മണ്ണു സംരക്ഷണത്തിനുവേണ്ടിയും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അതിലേയ്ക്ക് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉദ്ദേശം 650 ഹെക്ടർ സ്ഥലം.

(ബി) ഉണ്ട്.

(സി) ടി പഞ്ചായത്തിൽ "കൊല്ലുവിള", "പുളിമാത്ത്" എന്നീ രണ്ടു മണ്ണു സംരക്ഷണ പദ്ധതികൾ നടപ്പാക്കിവരുന്നു. "കൊല്ലുവിള" മണ്ണു സംരക്ഷണ പദ്ധതിയിൽ 6.75 ഹെക്ടർ സ്ഥലത്ത് 41,377 രൂപ ചെലവഴിക്കുകയും, "പുളിമാത്ത്" മണ്ണു സംരക്ഷണ പദ്ധതിയിൽ 59.20 ഹെക്ടർ സ്ഥലത്ത് 3,14,084 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

കരവാരം പഞ്ചായത്തിലെ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ

1972 [3044] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്. കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽപ്പെട്ട കരവാരം പഞ്ചായത്തിൽ എത്ര ഹെക്ടർ സ്ഥലം മണ്ണൊലിപ്പിന്റെ കെടുതിയിൽപ്പെട്ടിട്ടുണ്ട്;

(ബി) 1982-നുശേഷം അവിടെ മണ്ണൊലിപ്പു തടയുന്നതിനും മണ്ണ് സംരക്ഷണത്തിനും വേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അതിലേയ്ക്ക് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കണക്കാക്കപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) പ്രശ്നം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly